**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2122** **21-06-2024 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | 2022-23 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുകയും 20% തുക അനുവദിക്കുകയും ചെയ്ത കൊയിലാണ്ടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ പ്ലാനും എസ്റ്റിമേറ്റും കെ.പി.എച്ച് .സി.എസ്. മുഖേന സർക്കാരിൽ സമർപ്പിച്ചിരുന്നത് ഇ1/58/2023/ഹോം നമ്പർ കത്ത് പ്രകാരം തിരിച്ചയയ്ക്കുകയാണുണ്ടായതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബജറ്റിൽ 20% പ്രൊവിഷനുള്ള പ്രവൃത്തിയായിട്ടും ഭരണാനുമതി നൽകാതെ തിരിച്ചയയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | **ഉണ്ട്. കൊയിലാണ്ടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി നൽകിയ പ്രൊപ്പോസൽ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെയാണ് ലഭ്യമായത് എന്നതിനാൽ, ബജറ്റ് വിഹിതം അനുസരിച്ച് 2024-25 സാമ്പത്തിക വർഷം പരിഗണനയ്ക്കായി സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദേശം നൽകുകയുണ്ടായി. ആയതിനുള്ള തുടർനടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ തൽസ്ഥിതി വിശദമാക്കാമോ? | (ബി) | **നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.** |

സെക്ഷൻ ഓഫീസർ